## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങൾ - കാർഷിക യന്ത്രങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നത് - പ്രത്യേക അനുമതി - നൽകി ഉത്തരവാകുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 544/13/തസ്വഭവ തിരുവനന്തപുരം, തീയതി: 04.03.2013.

================================================================

പരാമർശം:-1) 29/09/2012-ലെ സ.ഉ(എം.എസ്)248/12/തസ്വഭവ.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2013-ലെ 3.8 നമ്പർ തീരുമാനം.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിന് പാടശേഖര സമിതികൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് 100% സബ്സിഡി അനുവദിയ്ക്കാമെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ കാർഷിക യന്ത്രങ്ങൾ ഗ്രാമ/ബ്ളോക്ക്/നഗര ഭരണ സ്ഥാപനങ്ങൾ മുഖേന നൽകാവുന്നതാണെന്ന് പരാമർശിച്ചിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നില്ല.

2) തൊഴിലാളികളുടെ ലഭ്യത കുറവ് മൂലം കാർഷിക രംഗത്ത് ഉൽപ്പാദന മേഖലയിൽ കടുത്ത പ്രതിസന്ധി നേരിടുകയാണെന്നും, ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമായ നാമമാത്രമായ ഫണ്ട് ഉപയോഗിച്ച് വിലയേറിയ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തുകളെയും അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**

ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിക്കും.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ ( എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (എ.എ.) വകുപ്പ്.
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ